# പതിനഞ്ചാം കേരള നിയമസഭ

ഏഴാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2022 ഡിസംബർ 8, വ്യാഴം

**നമ്പർ 88**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം :

സിൽവർലൈൻ പദ്ധതി അനിശ്ചിതത്വത്തിലായിട്ടും പാതയ്ക്കായി ഏറ്റെടുക്കേണ്ടി വരുന്ന വസ്തുവിന്റെ സർവ്വേ നമ്പരുകൾ ഉൾക്കൊള്ളുന്ന ഉത്തരവ് റദ്ദാക്കാത്തതിനാൽ ഭൂവുടമകൾക്ക് അവരുടെ ഭൂമിയുടെ ക്രയവിക്രയം നടത്താനോ വായ്പയെടുക്കാനോ സാധിക്കാത്തത് മൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. റോജി എം. ജോണും മറ്റ് അഞ്ച് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

ശ്രദ്ധ ക്ഷണിക്കൽ :

(1) റബ്ബർ വിലയിടിവിനെ തുടർന്ന് സംസ്ഥാനത്തെ റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുവാൻ കേന്ദ്രസർക്കാരിനോട് സമ്മർദ്ദം ചെലുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) പി.എസ്.സി.-യുടെ പുതിയ രീതിയിലുള്ള പരീക്ഷാ നടത്തിപ്പിൽ ഉദ്യോഗാർത്ഥി കൾക്കുള്ള ആശങ്കകളും പരാതികളും പരിഹരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. ഷാഫി പറമ്പിൽ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ</u>:

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. രമേശ് ചെന്നിത്തല | മുതുകുളം ഗ്രാമപഞ്ചായത്ത് ഉപതെരഞ്ഞെടുപ്പ് വിജയിക്കുനേരെയുള്ള ആക്രമണം | മുഖ്യമന്ത്രി |
| 2 | ശ്രീ. എച്ച്. സലാം | ദേശീയപാതയ്ക്ക് സ്ഥലം നൽകിയ സർക്കാർ സ്ഥാപനങ്ങളുടെ മതിലുകളുടെ പുനർ നിർമ്മാണം | മുഖ്യമന്ത്രി |
| 3 | ശ്രീ. ഒ. ആർ. കേളു | മേപ്പാടി ഗവ. പോളിടെക്നിക് വിദ്യാർത്ഥിനിക്കു നേരെയുണ്ടായ ആക്രമണം | മുഖ്യമന്ത്രി |
| 4 | ശ്രീ. വി. ജോയി | ഇടവ തോമസ് സെബാസ്റ്റ്യൻ സ്റ്റേഡിയം നിർമ്മാണം | മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി |
| 5 | ശ്രീ. പ്രമോദ് നാരായൺ | ജീവനും സ്വത്തിനും ഭീഷണിയായ മരങ്ങൾ മുറിക്കുന്നതിന് അനുമതി | വനം-വന്യജീവി വകുപ്പുമന്ത്രി |
| 6 | ശ്രീ. പി. കെ. ബഷീർ | വഴിക്കടവ്-പരപ്പനങ്ങാടി റോഡ് | പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി |
| 7 | ശ്രീ. വാഴൂർ സോമൻ | വണ്ടിപ്പെരിയാർ-പശുമല-മ്ലാമല-തേങ്ങാക്കൽ റോഡ് നിർമ്മാണം | ധനകാര്യ വകുപ്പുമന്ത്രി |
| 8 | ശ്രീ. ടി. ജെ. വിനോദ് | ബ്രഹ്മപുരം ജൈവ മാലിന്യ പ്ലാന്റ് | തദ്ദേശസ്വയംഭരണ-എക്സൈസ് വകുപ്പുമന്ത്രി |
| 9 | ശ്രീ. അൻവർ സാദത്ത് | തൊഴിലുറപ്പ് തൊഴിലാളികളുടെ വേതനം | തദ്ദേശസ്വയംഭരണ-എക്സൈസ് വകുപ്പുമന്ത്രി |
| 10 | ശ്രീ. കടകംപള്ളി സുരേന്ദ്രൻ | ആധാരമെഴുത്ത് മേഖലയിലെ പ്രശ്നങ്ങൾ | സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>റിപ്പോർട്ട് സമർപ്പണം</u> :

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു.

i) താഴെപ്പറയുന്ന ബില്ലുകളിൻമേലുള്ള സബ്ജക്ട് കമ്മിറ്റി VI-ന്റെ റിപ്പോർട്ടുകൾ.

(a) 2022 - ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2 - ാം നമ്പർ) ബിൽ.

(b) 2022 - ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3 - ാം നമ്പർ) ബിൽ.

ii) 2022 - ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ റിപ്പോർട്ട്.

iii) 2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) രണ്ടാം ഭേദഗതി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ റിപ്പോർട്ട്.

iv) 2022-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ഭേദഗതി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ റിപ്പോർട്ട്.

v) പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഇരുപത്തിരണ്ടു മുതൽ ഇരുപത്തിയേഴ് വരെയുള്ള റിപ്പോർട്ടുകൾ.

vi) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട്.

<u>നിയമനിർമ്മാണകാര്യം</u> :

I) <u>സബ്ജക്ട് കമ്മറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും</u> :

1) <u>2022 - ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ</u>

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണി സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022 - ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിൽ വിയോജിപ്പ് രേഖപ്പെടുത്തിയ ശ്രീ. അനൂപ് ജേക്കബ്, ശ്രീ. എം. വിൻസെന്റ്, ശ്രീ. കുറുക്കോളി മൊയ്തീൻ എന്നീ അംഗങ്ങൾ സംസാരിച്ചു.

2022-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. വി. ജോയി ചുമതലപ്പെടുത്തിയത് അനുസരിച്ച് ശ്രീ. ഒ. ആർ. കേളു അവതരിപ്പിച്ച് സംസാരിച്ചു.

ചർച്ചയ്ക്കും മന്ത്രിയുടെ മറുപടിക്കും ശേഷം ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി സഭ വോട്ടിനിട്ട് തള്ളുകയും, ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കുകയും ചെയ്തു. തുടർന്ന് ബിൽ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും ഭേദഗതികളൊന്നും കൂടാതെ സഭ പാസ്സാക്കുകയും ചെയ്തു.

2) 2022-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ഭേദഗതി ബിൽ

മുഖ്യമന്ത്രിയ്ക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ഭേദഗതി ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിച്ചു.

2022-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ഭേദഗതി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. ഇ. കെ. വിജയൻ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച് സംസാരിച്ചു.

ചർച്ചയ്ക്കും മന്ത്രിയുടെ മറുപടിക്കും ശേഷം ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കുകയും, തുടർന്ന് ബിൽ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ സഭ പാസ്സാക്കുകയും ചെയ്തു.

ആമുഖം

In the preamble after the figures "2008", the symbol, figures and word "(34 of 2008)" shall be added.

<u>രണ്ടാം വകുപ്പ്</u>

1) In section 2, proposed to be amended in the Principal Act by Clause 2, for the word "he" , the words, " he or she" shall be substituted wherever it occurs.

2) In section 2, proposed to be amended in the Principal Act by Clause 2 before the words " National Pension System" the word "the" shall be inserted.

<u>3) 2022 - ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ, 2022 - ലെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് (ഭേദഗതി) ബിൽ</u>

നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ, 2022-ലെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിച്ചു. തുടർന്ന്, രണ്ട് പ്രമേയങ്ങളിന്മേലുമുള്ള ചർച്ച ഒരുമിച്ച് നടത്തി.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തിയ ശ്രീ. മഞ്ഞളാംകുഴി അലി, ശ്രീ. പി. സി. വിഷ്ണുനാഥ് എന്നീ അംഗങ്ങൾ സംസാരിച്ചു.

2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. എ.കെ.എം. അഷ്റഫ് അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. കെ. ആൻസലൻ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. വി. ജോയി അവതരിപ്പിച്ച് സംസാരിച്ചു.

2022-ലെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച് സംസാരിച്ചു.

ചർച്ചയ്ക്കും മന്ത്രിയുടെ മറുപടിക്കും ശേഷം ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കുകയും, സഭ തള്ളുകയും ചെയ്തു. തുടർന്ന് ബില്ലുകൾ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും 2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ താഴെപ്പറയുന്ന ഭേദഗതികളോടെ പാസ്സാക്കി.

ഒന്നാം വകുപ്പ്

1) In clause 1(1) for the word 'Amendment' the symbol and word "(Amendment)" shall be substituted.

രണ്ടാം വകുപ്പ്

2) In clause 2(ii) after the words "after the words", the symbol and words ", symbols and figure" may be added.

2022-ലെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് (ഭേദഗതി) ബിൽ ഭേദഗതികളൊന്നും കൂടാതെയും സഭ പാസ്സാക്കി.

II) 2022-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബില്ലിന്റെ പരിഗണനയും അനന്തരഘട്ടങ്ങളും :

(ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ 7-12-2022-ന് അവതരിപ്പിച്ചതും, തുടർന്ന് സഭ പരിഗണനയ്ക്ക് എടുത്തതുമായ 2022-ലെ കേരള പൊതുവിൽപന നികുതി (ഭേദഗതി) ബില്ലിന്മേലുള്ള ചർച്ച ആരംഭിച്ചു.)

താഴെപറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു.

ശ്രീ. പി. സി. വിഷ്ണുനാഥ്

ശ്രീ. കെ. ബാബു (*നെന്മാറ*)

ചർച്ചയ്ക്കും മന്ത്രിയുടെ മറുപടിക്കും ശേഷം 2022-ലെ കേരള പൊതുവിൽപന നികുതി (ഭേദഗതി) ബിൽ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും, ഭേദഗതികളൊന്നും കൂടാതെ സഭ പാസ്സാക്കുകയും ചെയ്തു.

III) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും അനന്തരഘട്ടങ്ങളും :

1) 2022 - ലെ കേരള ഡെക്കാൻ അഗ്രികൾച്ചറിസ്റ്റ്സ് റിലീഫ് (റദ്ദാക്കൽ) ബിൽ

**(**സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ എട്ടാമത് റിപ്പോർട്ടിലെ ശിപാർശകൾക്കനുസൃതമായി 2022 - ലെ കേരള ഡെക്കാൻ അഗ്രികൾച്ചറിസ്റ്റ്സ് റിലീഫ് (റദ്ദാക്കൽ) ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കാതെ അവതരിപ്പിച്ച ദിവസം തന്നെ പാസ്സാക്കുന്നതിലേക്കായി കൃഷി വകുപ്പുമന്ത്രി ശ്രീ. പി. പ്രസാദ് നിയമസഭയുടെ കാര്യനിർവ്വഹണവും നടപടിക്രമങ്ങളും സംബന്ധിച്ച ചട്ടങ്ങളിലെ ബന്ധപ്പെട്ട ചട്ടങ്ങൾ താത്കാലികമായി സസ്പെന്റ് ചെയ്യണമെന്ന പ്രമേയം അവതരിപ്പിച്ചു. പ്രമേയം സഭ അംഗീകരിച്ചു.**)**

കൃഷി വകുപ്പുമന്ത്രി ശ്രീ. പി. പ്രസാദ് 2022-ലെ കേരള ഡെക്കാൻ അഗ്രികൾച്ചറിസ്റ്റ്സ് റിലീഫ് (റദ്ദാക്കൽ) ബിൽ അവതരിപ്പിക്കുകയും, ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് ബിൽ ചർച്ച കൂടാതെ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും ഭേദഗതികളൊന്നും കൂടാതെ സഭ പാസ്സാക്കുകയും ചെയ്തു.

2) <u>2021 - ലെ കേരള തോട്ടം ഭൂമി നികുതി (റദ്ദാക്കൽ) ബിൽ</u>

(സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ എട്ടാമത് റിപ്പോർട്ടിലെ ശിപാർശകൾക്കനുസൃതമായി 2021-ലെ കേരള തോട്ടം ഭൂമി നികുതി (റദ്ദാക്കൽ) ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കാതെ അവതരിപ്പിച്ച ദിവസം തന്നെ പാസ്സാക്കുന്നതിലേക്കായി റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ. രാജൻ നിയമസഭയുടെ കാര്യനിർവ്വഹണവും നടപടിക്രമങ്ങളും സംബന്ധിച്ച ചട്ടങ്ങളിലെ ബന്ധപ്പെട്ട ചട്ടങ്ങൾ താത്കാലികമായി സസ്പെന്റ് ചെയ്യണമെന്ന പ്രമേയം അവതരിപ്പിച്ചു. പ്രമേയം സഭ അംഗീകരിച്ചു.)

റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ. രാജൻ 2021 - ലെ കേരള തോട്ടം ഭൂമി നികുതി (റദ്ദാക്കൽ) ബിൽ അവതരിപ്പിക്കുകയും, ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് ബിൽ ചർച്ച കൂടാതെ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ സഭ പാസ്സാക്കുകയും ചെയ്തു.

<u>രണ്ടാം വകുപ്പ്</u>

ബില്ലിന്റെ 2- ാം ഖണ്ഡം (2) - ാം ഉപഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

“ (2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും,—

(എ) ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിൽ, റദ്ദാക്കപ്പെട്ട ആക്റ്റിന്റെ കീഴിൽ നിയമിക്കപ്പെട്ട, അപ്പലേറ്റ് അതോറിറ്റി മുമ്പാകെ സമർപ്പിക്കപ്പെട്ടതും തീർപ്പാക്കാതെ നിലവിലിരിക്കുന്നതുമായ ഏതെങ്കിലും അപ്പീൽ, ഈ ആക്റ്റ് പാസ്സാക്കിയിട്ടില്ലായിരുന്നു എന്ന രീതിയിൽ അപ്രകാരമുള്ള അധികാരസ്ഥാനം കേൾക്കേണ്ടതും തീർപ്പാക്കേണ്ടതുമാണ്.

(ബി) (1)- ാം ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും റദ്ദാക്കപ്പെട്ട ആക്റ്റ് പ്രകാരമുള്ള നികുതി നിർണ്ണയിക്കുവാൻ വിട്ടുപോയ തോട്ടം ഭൂമി നികുതിയിന്മേലുള്ള നികുതി നിർണ്ണയം ഉൾപ്പെടെയുള്ള നികുതി നിർണ്ണയം, നികുതി ചുമത്തൽ, നികുതി പിരിച്ചെടുക്കൽ, ഈടാക്കൽ എന്നിവ സംബന്ധിച്ച് ഈ ആക്റ്റിന്റെ പ്രാരംഭത്തിൽ നിലവിലുണ്ടായിരുന്ന നടപടികൾ സ്വീകരിക്കുന്നതിനും തുടരുന്നതിനും പൂർത്തീകരിക്കുന്നതിനുമുള്ള അവകാശം, ഏതെങ്കിലും ആളിൽ നിന്നും കിട്ടേണ്ട തുക ഒരാൾ നൽകുന്നതിനുള്ള ബാധ്യത, റദ്ദാക്കപ്പെട്ട ആക്റ്റിന് കീഴിൽ തുക തിരികെ ലഭിക്കുന്നതിനുള്ള ഏതെങ്കിലും അവകാശം എന്നിവയെ ബാധിക്കുന്നതല്ല.”.

3) 2021 - ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ബിൽ

(സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ എട്ടാമത് റിപ്പോർട്ടിലെ ശിപാർശകൾക്കനുസൃതമായി 2021-ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കാതെ അവതരിപ്പിച്ച ദിവസം തന്നെ പാസ്സാക്കുന്നതിലേക്കായി ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ നിയമസഭയുടെ കാര്യനിർവ്വഹണവും നടപടിക്രമങ്ങളും സംബന്ധിച്ച ചട്ടങ്ങളിലെ ബന്ധപ്പെട്ട ചട്ടങ്ങൾ താത്കാലികമായി സസ്പെന്റ് ചെയ്യണമെന്ന പ്രമേയം അവതരിപ്പിച്ചു. പ്രമേയം സഭ അംഗീകരിച്ചു.)

ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ 2021-ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ബിൽ അവതരിപ്പിക്കുകയും, ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് ബിൽ ചർച്ച കൂടാതെ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും ഭേദഗതികളൊന്നും കൂടാതെ സഭ പാസ്സാക്കുകയും ചെയ്തു.

2022 ഡിസംബർ 9-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 05.00 - ന് സഭ പിരിഞ്ഞു.

**എ. എം. ബഷീർ,**
*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Seventh Session

# BULLETIN—PART I

(Brief Record of Proceedings)

*Thursday, December 8, 2022*

**No. 88**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions*:

Four Questions in the list of Questions posted for the day were answered orally.

*Adjournment Motion*:

After hearing the Chief Minister, the Speaker withheld consent to the moving of an adjournment motion given notice of by Shri Roji M. John and five other Members regarding the serious situation reported to have arisen consequent to the landowners being not able to carry over land transaction as the Silver Line project remains uncertain and the order containing the survey numbers of the properties to be acquired for the project has not been cancelled.

(As a mark of protest against the attitude of the Government the Members belonging to opposition staged a walkout.)

*Calling Attention* :

1. Shri Sebastian Kulathunkal called the attention of the Minister for Finance to the necessity to pressurize the Central Government to take steps to overcome the crisis faced by the rubber farmers due to slash in rubber prices. The Minister made a statement thereto.

2. Shri Shafi Parambil called the attention of the Chief Minister to the necessity to address the concerns and grievances of the candidates regarding the conduct of the P.S.C. examination in the new pattern. The Minister made a statement thereto.

KNPP. 73/2023(ii).

*The Matters under Rule 304*:

The matters raised in the House by the Members under Rule 304 are listed below;

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. രമേശ് ചെന്നിത്തല | മുതുകുളം ഗ്രാമപഞ്ചായത്ത് ഉപതെരഞ്ഞെടുപ്പ് വിജയികൾക്കുനേരെയുള്ള ആക്രമണം | മുഖ്യമന്ത്രി |
| 2 | ശ്രീ. എച്ച്. സലാം | ദേശീയപാതയ്ക്ക് സ്ഥലം നൽകിയ സർക്കാർ സ്ഥാപനങ്ങളുടെ മതിലുകളുടെ പുനർ നിർമ്മാണം | മുഖ്യമന്ത്രി |
| 3 | ശ്രീ. ഒ. ആർ. കേളു | മേപ്പാടി ഗവ. പോളിടെക്നിക് വിദ്യാർത്ഥിനിക്കു നേരെയുണ്ടായ ആക്രമണം | മുഖ്യമന്ത്രി |
| 4 | ശ്രീ. വി. ജോയി | ഇടവ തോമസ് സെബാസ്റ്റ്യൻ സ്റ്റേഡിയം നിർമ്മാണം | മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി |
| 5 | ശ്രീ. പ്രമോദ് നാരായൺ | ജീവനും സ്വത്തിനും ഭീഷണിയായ മരങ്ങൾ മുറിക്കുന്നതിന് അനുമതി | വനം-വന്യജീവി വകുപ്പുമന്ത്രി |
| 6 | ശ്രീ. പി. കെ. ബഷീർ | വഴിക്കടവ്-പരപ്പനങ്ങാടി റോഡ് | പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി |
| 7 | ശ്രീ. വാഴൂർ സോമൻ | വണ്ടിപ്പെരിയാർ-പശുമല-മ്ലാമല-തേങ്ങാക്കൽ റോഡ് നിർമ്മാണം | ധനകാര്യ വകുപ്പുമന്ത്രി |
| 8 | ശ്രീ. ടി. ജെ. വിനോദ് | ബ്രഹ്മപുരം ജൈവ മാലിന്യ പ്ലാന്റ് | തദ്ദേശസ്വയംഭരണ-എക്സൈസ് വകുപ്പുമന്ത്രി |
| 9 | ശ്രീ. അൻവർ സാദത്ത് | തൊഴിലുറപ്പ് തൊഴിലാളികളുടെ വേതനം | തദ്ദേശസ്വയംഭരണ-എക്സൈസ് വകുപ്പുമന്ത്രി |
| 10 | ശ്രീ. കടകംപള്ളി സുരേന്ദ്രൻ | ആധാരമെഴുത്ത് മേഖലയിലെ പ്രശ്നങ്ങൾ | സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Presentation of Reports*:

The following reports were presented.

i) Reports of Subject Committee – VI on The University Laws (Amendment) (No. 2) Bill, 2022 and The University Laws (Amendment) (No. 3) Bill, 2022.

ii) Report of Subject Committee – VIII on The Kerala Document Writers', Scribes' and Stamp Vendors' Welfare Fund (Amendment) Bill, 2022.

iii) Report of Subject Committee – XII on The Kerala Clinical Establishments (Registration and Regulation) Second Amendment Bill, 2022.

iv) Report of Subject Committee – XIV on The Non-Resident Indians' (Keralites) Commission Amendment Bill, 2022.

v) The Twenty Second to Twenty Seventh Reports of the Committee on Public Accounts.

vi) The Seventh Report of the Committee on Private Members' Bills and Resolutions.

*Legislative Business* :

I) Motion for Consideration and further stages of the following Bills as reported by the Subject Committee :

*1) The Kerala Veterinary and Animal Sciences Universities (Amendment) Bill, 2022*

Smt. J. Chinchurani, Minister for Animal Husbandry and Dairy Development moved the motion that The Kerala Veterinary and Animal Sciences University (Amendment) Bill, 2022 as reported by the Subject Committee be taken up for consideration.

Shri Anoop Jacob, Shri M. Vincent and Shri Kurukkoli Moideen who recorded their dissent to the Subject Committee Report spoke.

DR. Mathew Kuzhalnadan moved an amendment to circulate The Kerala Veterinary and Animal Sciences Universities (Amendment) Bill, 2022 for obtaining public opinion and spoke. Shri O. R. Kelu as authorised by Shri V. Joy moved another amendment to recommit the Bill to the same Subject Committee and spoke.

After discussion and reply of the Minister the amendment to circulate the Bill for obtaining public opinion was put to vote and declared lost and the amendment to recommit the Bill to the same Subject Committee was withdrawn by the leave of the House. Then the Bill as reported by the Subject Committee was taken into consideration and was passed without any amendments.

*2) The Kerala High Court Services (Determination of Retirement Age) Amendment Bill, 2022*

Shri P. Rajeeve, Minister for Law, Industries and Coir on behalf of the Chief Minister moved the motion that The Kerala High Court Services (Determination of Retirement Age) Amendment Bill, 2022 as reported by the Subject Committee be taken up for consideration.

Shri E. Chandrasekharan as authorised by Shri E. K. Vijayan moved an amendment to circulate The Kerala High Court Services (Determination of Retirement Age) Amendment Bill, 2022 for obtaining public opinion and spoke.

After discussion and reply of the Minister the amendment to circulate the Bill for obtaining public opinion was withdrawn by the leave of the House. Then the Bill as reported by the Subject Committee was taken into consideration and passed by the House with the following amendments.

ആമുഖം

In the preamble after the figures “2008”, the symbol, figures and word “(34 of 2008)” shall be added.

രണ്ടാം വകുപ്പ്

1) In section 2, proposed to be amended in the Principal Act by Clause 2, for the word “he”, the words, “he or she” shall be substituted wherever it occurs.

2) In section 2, proposed to be amended in the Principal Act by Clause 2 before the words “National Pension System” the word “the” shall be inserted.

*3) The Kerala Cashew Factories (Acquisition) Amendment Bill, 2022 and*

*The Kerala Khadi and Village Industries Board (Amendment) Bill, 2022*.

Shri P. Rajeeve, Minister for Law, Industries and Coir moved the Motions that The Kerala Cashew Factories (Acquisition) Amendment Bill, 2022 and The Kerala Khadi and Village Industries Board (Amendment) Bill, 2022 as reported by the Subject Committee be taken up for consideration. The discussion on motions were held together.

Shri Manjalamkuzhi Ali and Shri P. C. Vishnunadh who recorded their dissent to the Subject Committee Reports spoke.

Shri A.K.M. Ashraf moved an amendment to circulate The Kerala Cashew Factories (Acquisition) Amendment Bill, 2022 for obtaining public opinion and spoke. Shri V. Joy as authorised by Shri K. Ansalan moved another amendment to recommit the Bill to the same Subject Committee and spoke.

Shri Sunny Joseph moved an amendment to circulate The Kerala Khadi and Village Industries Board (Amendment) Bill, 2022 for obtaining public opinion and spoke. Shri Sebastian Kulathunkal moved another amendment to recommit the Bill to the same Subject Committee and spoke.

After discussion and reply of the Minister the amendments were withdrawn by the leave of the House or declared lost. Then the Bills as reported by the Subject Committee were taken into consideration and The Kerala Cashew Factories (Acquisition) Amendment Bill, 2022 was passed by the House with the following amendments.

<u>ഒന്നാം വകുപ്പ്</u>

In clause 1(1) for the word ‘Amendment’ the symbol and word “(Amendment)” shall be substituted.

<u>രണ്ടാം വകുപ്പ്</u>

In clause 2(ii) after the words “after the words”, the symbol and words “, symbols and figure” may be added.

The Kerala Khadi and Village Industries Board (Amendment) Bill, 2022 was passed without any amendments.

II) Consideration and further stages of the Kerala General Sales Tax (Amendment) Bill, 2022 :

(The discussion on The Kerala General Sales Tax (Amendment) Bill, 2022 introduced by Shri K. N. Balagopal, Finance Minister and subsequently taken up for consideration by the House on 07/12/2022 begun.)

The following Members took part in the discussion.

Shri P. C. Vishnunadh

Shri K. Babu (*Nenmara*)

After discussion and reply of the Minister, The Kerala General Sales Tax (Amendment) Bill, 2022 was taken into clause by clause consideration and was passed without any amendments.

III) Introduction and further stages of the following Bills :

*1) The Dekkhan Agriculturists' Relief (Repeal) Bill, 2022*

(Shri P. Prasad, Minister for Agriculture moved the motion that the House resolves to introduce The Dekkhan Agriculturists' Relief (Repeal) Bill, 2022 and take further steps in accordance with the Eighth Report of the Business Advisory Committee adopted by the House and that the Bill be taken into consideration on the day of introduction without referring it to the Subject Committee for consideration by suspending the Rules concerned. The House adopted the motion.)

Shri P. Prasad, Minister for Agriculture introduced The Dekkhan Agriculturists' Relief (Repeal) Bill, 2022 and moved the motion that Bill be taken up for consideration. Then the Bill was taken into clause by clause consideration without discussion and passed by the House without any amendment.

*2) The Kerala Plantation Tax (Repeal) Bill, 2021*

(Shri K. Rajan, Minister for Revenue and Housing moved the motion that the House resolves to introduce The Kerala Plantation Tax (Repeal) Bill, 2021 and take further steps in accordance with the Eighth Report of the Business Advisory

Committee adopted by the House and that the Bill be taken into consideration on the day of introduction without referring it to the Subject Committee for consideration by suspending the Rules concerned. The House adopted the motion.)

Shri K. Rajan, Minister for Revenue and Housing introduced The Kerala Plantation Tax (Repeal) Bill, 2021 and moved the motion that Bill be taken up for consideration. Then the Bill was taken into clause by clause consideration without discussion and passed by the House with the following amendments.

<u>Clause - 2</u>

ബില്ലിന്റെ 2- ാം ഖണ്ഡം (2)- ാം ഉപഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത് ;—

" (2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും,—

(എ) ഈ ആക്ടിന്റെ പ്രാരംഭതീയതിയിൽ, റദ്ദാക്കപ്പെട്ട ആക്ടിന്റെ കീഴിൽ നിയമിക്കപ്പെട്ട, അപ്പലേറ്റ് അതോറിറ്റി മുമ്പാകെ സമർപ്പിക്കപ്പെട്ടതും തീർപ്പാക്കാതെ നിലവിലിരിക്കുന്നതുമായ ഏതെങ്കിലും അപ്പീൽ, ഈ ആക്ട് പാസ്സാക്കിയിട്ടില്ലായിരുന്നു എന്ന രീതിയിൽ അപ്രകാരമുള്ള അധികാരസ്ഥാനം കേൾക്കേണ്ടതും തീർപ്പാക്കേണ്ടതുമാണ്.

(ബി) (1)- ാം ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും റദ്ദാക്കപ്പെട്ട ആക്ട് പ്രകാരമുള്ള നികുതി നിർണ്ണയിക്കുവാൻ വിട്ടുപോയ തോട്ടം ഭൂമി നികുതിയിന്മേലുള്ള നികുതി നിർണ്ണയം ഉൾപ്പെടെയുള്ള നികുതി നിർണ്ണയം, നികുതി ചുമത്തൽ, നികുതി പിരിച്ചെടുക്കൽ, ഈടാക്കൽ എന്നിവ സംബന്ധിച്ച് ഈ ആക്ടിന്റെ പ്രാരംഭത്തിൽ നിലവിലുണ്ടായിരുന്ന നടപടികൾ സ്വീകരിക്കുന്നതിനും തുടരുന്നതിനും പൂർത്തീകരിക്കുന്നതിനുമുള്ള അവകാശം, ഏതെങ്കിലും ആളിൽ നിന്നും കിട്ടേണ്ട തുക ഒരാൾ നൽകുന്നതിനുള്ള ബാധ്യത, റദ്ദാക്കപ്പെട്ട ആക്ടിന് കീഴിൽ തുക തിരികെ ലഭിക്കുന്നതിനുള്ള ഏതെങ്കിലും അവകാശം എന്നിവയെ ബാധിക്കുന്നതല്ല.".

*3) The Kerala Agriculture Income Tax (Repeal) Bill, 2021*

(Shri K. N. Balagopal, Minister for Finance moved the motion that the House resolves to introduce The Kerala Agriculture Income Tax (Repeal) Bill, 2021 and take further steps in accordance with the Eighth Report of the Business Advisory Committee adopted by the House and that the Bill be taken into consideration on the day of introduction without referring it to the Subject Committee for consideration by suspending the Rules concerned. The House adopted the motion.)

Shri K. N. Balagopal, Minister for Finance introduced The Kerala Agriculture Income Tax (Repeal) Bill, 2021 and moved the motion that Bill be taken up for consideration. Then the Bill was taken into clause by clause consideration and passed by the House without any amendment.

The House adjourned at 5.00 p.m. to meet again at 9.00 a.m. on Friday December 9, 2022.

A. M. BASHEER,
*Secretary.*